**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 45 | 01.12.2015 ൽ മറുപടിയ്ക്ക്

## കൊച്ചിൻ മെട്രോ റെയിൽ

ചോദ്യം | ഉത്തരം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.ബെന്നി ബെഹനാൻ
ശ്രീ.അൻവർ സാദത്ത്
ശ്രീ. ഹൈബി ഈഡൻ

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | 2011 ഓഗസ്റ്റ് മാസത്തിൽ കൊച്ചി മെട്രോ റെയിൽ പ്രൊജക്റ്റ് നടപ്പിലാക്കാൻ വേണ്ടി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചു. 2012 ജൂലൈ മാസം ഈ പദ്ധതിക്ക് ഭാരത സർക്കാരിന്റെ നഗരവികസന മന്ത്രാലയം അനുമതി നൽകി. 2013 ജൂണിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കമായി. 5181.79 കോടി രൂപയാണ് ഈ പദ്ധതിക്ക് വേണ്ടി വരുന്ന ചെലവ്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും (KMRL) ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനും (DMRC) തമ്മിൽ ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം മെട്രോയുടെ മുഴുവൻ ടെൻണ്ടർ, നിർമ്മാണം, മേൽനോട്ടം തുടങ്ങിയവ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ആണ് നടത്തിവരുന്നത്. കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്നും, ഫ്രഞ്ച് ധനകാര്യ ഏജൻസിയായ ഏജൻസ് ഫ്രാൻസൈസ് ഡി ഡവലപ്മെന്റ് (AFD), കാനറ ബാങ്ക്, എറണാകുളം ജില്ലാ സഹകരണ ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദീർഘകാല വായ്പ KMRL-ന് ലഭിക്കുന്നു. പദ്ധതിക്കാവശ്യമായ 40.409 ഹെക്ടർ ഭൂമിയിൽ ഏകദേശം 99% ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. സിവിൽ സംബന്ധമായ നിർമ്മാണ ജോലിയിൽ ഏകദേശം 68% പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. സിസ്റ്റം സംബന്ധിച്ച എല്ലാ കരാറുകളും നല്കുകയും അതിന്റെ |

| | | |
|---|---|---|
| | | പ്രവൃത്തികൾ സമയബന്ധിതമായി പുരോഗമിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ മെട്രോയ്ക്ക് വേണ്ടിയുള്ള തയ്യാറെടുപ്പ് ജോലികളായ മേൽപ്പാലങ്ങളുടെ നിർമ്മാണം, റോഡ് വീതികൂട്ടൽ കാനകൾ വൃത്തിയാക്കൽ, ഇടറോഡുകളുടെ പുനരുദ്ധാരണം, ദിശാസൂചകങ്ങൾ (signage) സ്ഥാപിക്കൽ, നടപ്പാതകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തികളും KMRL ഏറ്റെടുത്തു നടത്തുന്നുണ്ട്.<br>പേട്ട മുതൽ എസ്. എൻ. ജംങ്ഷൻ വരെയുള്ള മെട്രോയുടെ തുടർവികസനത്തിന് സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾക്കുള്ള തയ്യാറെടുപ്പുകൾ നടത്തി വരുന്നു. ജെ.എൽ.എൻ. സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള പുതിയ മെട്രോ ലൈനിന് സംസ്ഥാന സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതിക്ക വേണ്ടിയുള്ള നടപടി ക്രമങ്ങൾ നടത്തിവരുന്നു.<br>കൊച്ചി നഗരത്തിൽ എല്ലാ യാത്രാസംവിധാനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള സംയോജിത നഗര ഗതാഗത അതോറിറ്റി (UMTA) സ്ഥാപിക്കുന്നതിനുളള നിയമ നിർമ്മാണ നടപടികൾ നടന്നു വരുന്നു.<br>ജർമ്മൻ ഫണ്ടിംഗ് ഏജൻസിയായ ക്രെഡിറ്റൻസ്റ്റാൾട്ട് ഫർ വെദർവബു (KfW) ന്റെ സാമ്പത്തിക സഹായത്തോടെ കൊച്ചി നഗരത്തിനു ചുറ്റുമുളള ജലഗതാഗത സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് സമർപ്പിച്ച ഒരു പദ്ധതിക്ക് സംസ്ഥാന സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ഇതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനായുള്ള ശ്രമങ്ങൾ നടന്നു വരുന്നു. മെട്രോ റെയിൽ കണക്ടിവിറ്റിക്കും റോഡിലെ വാഹനങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനും മലിനീകരണം കുറയ്ക്കുന്നതിനും ഇതുമൂലം കഴിയും. |

| | | | |
|---|---|---|---|
| (ബി) | പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കേന്ദ്ര സഹായ മാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) | കേന്ദ്ര സർക്കാർ നല്കിയിട്ടുള്ള അനുമതി പ്രകാരം, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക വിഹിതം- 1002.23 കോടി രൂപ ആണ്. ഇതുവരെ കേന്ദ്ര സർക്കാരിൽ നിന്നും 708.85 കോടി രൂപ ഓഹരി ആയും, 152.59 കോടി രൂപ കീഴ്ക്കടം ആയും, 426.43 കോടി രൂപ ദീർഘകാല വായ്പയുടെ (ഫ്രഞ്ച് വികസന ഏജൻസി) പാസ് ത്രൂ അസ്സിസ്റ്റൻസ് ആയും ലഭിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ള തെന്ന് വിശദമാക്കുമോ ? | (സി) | പദ്ധതിക്ക് കേന്ദ്ര സർക്കാർ നല്കിയിട്ടുള്ള അനുമതി പ്രകാരം 2017 ജൂണിൽ ആണ് ഈ പദ്ധതി കമ്മീഷൻ ചെയ്യേണ്ടത്. പക്ഷെ കേരള സർക്കാർ ഈ പദ്ധതിയുടെ ആദ്യ ഘട്ടം അടുത്ത വർഷവും (2016) രണ്ടാം ഘട്ടം 2017 ലും പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. |

Deepthi

സെക്ഷൻ ഓഫീസർ